"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-അപ്രന്റീസ് നഴ്സ്, പാരാമെഡിക്കൽ അപ്രന്റീസ് നിയമനം-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ വികസന (ബി )വകുപ്പ്**

സ.ഉ.(സാധാ) നം.60/2024/SCSTD തീയതി,തിരുവനന്തപുരം, 21-02-2024

---

പരാമർശം:-
1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 4.11.2023 ലെ SCDD/3242/2022-P3(PL) നമ്പർ കുറിപ്പ്.
2. 29.1.2024-ൽ ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ 5-ാം നമ്പർ തീരുമാനം .

**<u>ഉത്തരവ്</u>**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ്, പാരാമെഡിക്കൽ ബിരുദ/ഡിപ്ലോമ ധാരികളായ യുവതീയുവാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി മികവുറ്റ ജോലികൾ കരസ്ഥമാക്കുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ, പാലക്കാട്, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നീ 5 ജില്ലകളിലുൾപ്പെടുന്ന CHC, താലൂക്ക് ഹോസ്പിറ്റൽ/താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ജനറൽ ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ, പാലക്കാട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ, നഴ്സിംഗ് ബിരുദ / ഡിപ്ലോമ ധാരികളായ 300 യുവതീ യുവാക്കളെ അപ്രന്റീസ് നഴ്സായും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച മെഡിക്കൽ കോഴ്സുകൾ പാസ്സായ 100 യുവതീ യുവാക്കളെ പാരാമെഡിക്കൽ അപ്രന്റീസായും നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓണറേറിയം , യൂണിഫോം അലവൻസ് എന്നീ ഇനങ്ങളിലായി ഒരു വർഷത്തേക്ക് 8,00,00,000/-രൂപ (എട്ടു കോടി രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ 29.1.2024 ൽ ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

2. വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം ഈ പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും പൈലറ്റ് പദ്ധതി എന്ന നിലയിൽ 5 ജില്ലകളിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കണമെന്നും അടുത്ത സാമ്പത്തിക വർഷം മറ്റു ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കണമെന്നുമുള്ള നിബന്ധനയോടെ പ്രൊപ്പോസലിന് അംഗീകാരം നൽകി .

3. മേൽ സാഹചര്യത്തിൽ, പാലക്കാട്, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നീ 5 ജില്ലകളിലുൾപ്പെടുന്ന CHC, താലൂക്ക് ഹോസ്പിറ്റൽ/താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ജനറൽ ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ, പാലക്കാട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട, നഴ്സിംഗ് ബിരുദ / ഡിപ്ലോമ ധാരികളായ 300 യുവതീ യുവാക്കളെ അപ്രന്റീസ് നഴ്സായും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച മെഡിക്കൽ കോഴ്സുകൾ പാസായ 100 യുവതീ യുവാക്കളെ പാരാമെഡിക്കൽ അപ്രന്റീസായും

നിയമിക്കുന്നതിനും, പരാമർശം(1) പ്രൊപ്പോസലിൽ ശിപാർശ ചെയ്ത പ്രകാരം, ഇവരുടെ ഓണറേറിയം, യൂണിഫോം അലവൻസ് എന്നീ ഇനങ്ങളിലായി ഒരു വർഷത്തേക്ക് ആവശ്യമായ 8,00,00,000/-രൂപ (എട്ടു കോടി രൂപ മാത്രം) 2225-01-800-57 Corpus Fund (Plan) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും, പൈലറ്റ് പദ്ധതി എന്ന നിലയിൽ 5 ജില്ലകളിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കണമെന്നും അടുത്ത സാമ്പത്തിക വർഷം മറ്റു ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കണമെന്നുമുള്ള നിബന്ധനയ്ക്ക് വിധേയമായും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറെ ഈ പദ്ധതി നടത്തിപ്പിന്റെ നോഡൽ ഓഫീസറായി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്വപ്ന.എം
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള,തിരുവനന്തപുരം
ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം , പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreelekha. G.
Date: 21-02-2024 13:02:33

പകർപ്പ് :- പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് മന്ത്രിയുടെ പി. എസ്. ന്.
പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്.
പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്.